# കാര്യം

സി. എൻ. ശമര്യശാസ്ത്രി



കാര്യം
സി. എൻ. ശമര്യശാസ്ത്രി
(മലയാളം: ലേഖനം (വിവർത്തനം))

© 2021, C. N. Samaryasastri

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Nicolae Vermont - Coşul cu mere, a painting by Nicolae Vermont (1866–1932). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കാര്യം

കാര്യം എന്നതിനെ കാര്യം എന്നു ചിലരും കാർയം എന്നു ചിലരും എഴുതണമെന്നു വിചാരിച്ചുവരുന്നതായി അറിയാൻ ഇടവന്നിട്ടുണ്ട്. ‘കാര്യം’ എന്നെഴുതണമെന്നു അഭിപ്രായപ്പെടുന്നവരുടെ യുക്തി ‘ഡുകൃഞ്കരണേ’ എന്നു ശ്രീശങ്കരാചാര്യരുടെ ഒരു പ്രസിദ്ധീകരണം മൂലമായി അധികം പ്രചാരപ്പെട്ടിട്ടുള്ള പാണിനിസൂത്രത്തിൽ പ്രതിപാദിതമായിരിക്കുന്ന ‘കൃ’ ധാതുവിൽനിന്നുള്ള ഒരു രൂപമായ കാര്യം എന്നത് എഴുതപ്പെടുമ്പോൾ അതിൽ ഉപകരണം ‘വ്യാകരണം’ മുതലായ രൂപങ്ങളിലെന്നപോലെ ‘ര’ ‘പ്രധാനമായി നില്ക്കണമെന്നും ‘യം’ എന്നുള്ള തദ്ധിത പ്രത്യയത്തെ ചേർക്കുന്നതിൽ ‘ക്യ’ ‘ച്യ’ എന്നുള്ളതുപോലെ ‘ര്യം’ എന്ന് എഴുതണമെന്നും ആകുന്നു.

കാർയം എന്നു എഴുതാൻ താല്പര്യപ്പെടുന്നവർ സംസ്കൃതം എഴുതുന്നതിൽ നാഗരത്തിലാകട്ടെ ഗ്രന്ഥാക്ഷരത്തിലാകട്ടെ (ഒറ്റ)യകാരത്തോടുകൂടി ‘ശ്’ എന്നതിനു പതിവുള്ള കുത്ത് ഇട്ടുവരുന്ന സമ്പ്രദായത്തെ തങ്ങളുടെ വാദത്തിനു അനുകൂലമായി പറയുന്നു. സംസ്കൃതത്തിൽ ‘ര’ പൂർണ്ണമായി എഴുതി നാഗരത്തിലെ സമ്പ്രദായപ്രകാരം ‘യ’ ചേർത്തോ ഗ്രന്ഥാക്ഷരത്തിലെ സമ്പ്രദായപ്രകാരം യുക്താക്ഷരത്തിലെ ദ്വിതീയവ്യഞ്ജനത്തിനു പതിവുള്ള വള്ളി ചേർത്തോ ‘ര്യ’ എഴുതുക സന്ദിഗ്ധംതന്നെ. തെലുങ്കിലും കർണ്ണാടകത്തിലും ഒറ്റവ്യഞ്ജനത്തോടു ‘ർ’ എന്നതിനുള്ള ചിഹ്നവും യുക്താക്ഷരത്തിലെ ദ്വിതീയവ്യഞ്ജനങ്ങളിൽ ചിലതിനുള്ള സങ്കേതങ്ങളും ചേർത്തുവരുന്നു എന്നാണ് എന്റെ സ്വല്പപരിചയം കൊണ്ടുള്ള അറിവ്. മലയാളത്തിൽ സംസ്കൃതജപദങ്ങളിലെന്നപോലെതന്നെ ദ്രാവിഡജപദങ്ങളിലും (ചേർത്തു) പൂർവാക്ഷരം ഗുരുവായിരിക്കണമെന്നില്ലാത്ത യുക്താക്ഷരങ്ങളുടെ സംഗതിയിൽ ‘ർക്ക’ ‘ർത്തു’ ‘ർത്ത’ എന്നിങ്ങനെതന്നെ എഴുതുന്നതല്ലാതെ ‘ചേ’‘ർതു’ എന്നും മറ്റും എഴുതാറില്ലാത്തതിനാൽ,തദനുസരണത്താൽ ‘കാര്യം’ ‘വർത്തനം’ എന്നിങ്ങനെ ദ്വിത്വമായിത്തന്നെ എഴുതിവരുന്നതായിരിക്കുമോ? ഇത് ഒരു യുക്തിയായി തോന്നുന്നു. ‘ഗ്യ’, ‘ഗ്ര’, ‘ഗ്വേ’ എന്നി അക്ഷരങ്ങളിൽ ദ്വിത്വം ഇല്ല; സംസ്കൃതജപദങ്ങളിലല്ലാതെ യ, ര, വ, ഈ വ്യഞ്ജനങ്ങൾ യുക്താക്ഷരങ്ങളിലെ ദ്വിതീയഭാഗമായി നില്ക്കുന്നതല്ല. എന്നാൽ ‘ർ’ പൂർവമായി നില്ക്കുന്ന യുക്താക്ഷരങ്ങൾക്കു പതിവുള്ള കുത്തു ‘ചേർക്കുന്നു’ മുതലായ ദ്രാവിഡജപദങ്ങൾക്കും നടപ്പായിപ്പോയി. എന്നുതന്നെയല്ല ‘അർക്കൻ’ എന്നും മറ്റും ഉള്ളേടത്ത് (ഒറ്റ) ‘ക’ മതിയെന്നുവയ്ക്കാൻ എല്ലാവരും തയ്യാറാകുമെന്നു തോന്നുന്നില്ല. പഞ്ചവർഗ്ഗങ്ങളിൽ ഖരങ്ങൾ ഒഴിച്ചുള്ള വ്യഞ്ജനങ്ങൾക്കു മുമ്പിൽ ‘ർ’ ചേർന്നു യുക്താക്ഷരം വന്നാൽ ആ പദം സംസ്കൃതജമാണെന്നു നിശ്ചയിക്കാം. പഞ്ചവർഗ്ഗങ്ങളിൽ ചേരാത്ത വ്യഞ്ജനങ്ങൾക്ക് മുമ്പിൽ ‘ർ’ ചേർന്നുണ്ടാകുന്ന യുക്താക്ഷരങ്ങളും സംസ്കൃതജപദങ്ങളിൽ മാത്രമേ കാണുകയുള്ളു. ഇതുകൊണ്ടായിരിക്കണം ‘ചേർത്തു’ എന്നും ‘സർപ്പം’ എന്നും എഴുതുന്നതിൽ ദ്വിത്വാക്ഷരംതന്നെ പ്രയോഗിക്കുന്ന തമിഴിൽ ‘സർപ്പം’ എന്നെഴുതുന്നതിൽ ‘ർ’ കഴിഞ്ഞു ഒരു ‘വ’ മാത്രം എഴുതുന്നത്. ഭാഷയ്ക്കു ശാസ്ത്രം ഉള്ളതു സർവവിഭിതമായിരിക്കെ പദരൂപങ്ങളുടെ രീതികൾക്കു കാരണങ്ങൾ ഉണ്ടായിരിക്കുന്നതു അസാംഗത്യമല്ല; അവയെ കണ്ടുപിടിക്കുന്നതു ഹാസാവഹവുമല്ല. ‘അർഹം’ എന്നതിനു നാം രണ്ടു ‘ഹ’ എഴുതുന്നില്ലല്ലൊ; പോരെങ്കിൽ ‘വർഷ’വും ‘ദർശന’വും നോക്കുക. അതുപോലെ പൂർവാക്ഷരം ഗുരുവായിത്തീരത്തക്കവിധത്തിൽ സംസ്കൃതജപദങ്ങളിൽമാത്രം വരുന്നവയായ ‘ർ’ ഖരമല്ലാത്ത വ്യഞ്ജനങ്ങളെ യുക്താക്ഷരങ്ങളിൽ ദ്വിത്വമായി എഴുതണമെന്നില്ലെന്നു വയ്ക്കുന്നതിൽ യാതൊരു വിരോധവുമില്ല. എന്നാൽ നടപ്പിനെ ഭേദപ്പെടുത്തുന്നതു ശീഘ്രസാദ്ധ്യമല്ലല്ലോ. സാദ്ധ്യം, അർത്ഥം, അർദ്ധം ഇവയിൽ നാഗരത്തിലും മറ്റും ‘ധ’ ‘ഗ’ ഈ അക്ഷരങ്ങളെ മാത്രമേ ഉപയോഗിക്കുന്നുള്ളു എന്നു വച്ചു മലയാളത്തിലും മുഴുവൻ അങ്ങനെ സാധിക്കുമോ?

രസികരഞ്ജിനി പുസ്തകം 5 ലക്കം 2

# രസികരഞ്ജിനി




ഭാഷാപോഷണത്തിന് മാതൃകാപരമായ ഒരു ആനുകാലിക പ്രസിദ്ധീകരണം ആവശ്യമാണെന്നു കണ്ട് രാമവർമ്മ അപ്പൻ തമ്പുരാൻ ആരംഭിച്ച മാസികയാണ് രസികരഞ്ജിനി. 1902-ൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പത്രാധിപത്യത്തിൽ അതിന്റെ ആദ്യലക്കം പുറത്തുവന്നു. വിഷയവൈവിധ്യത്തിലും ആശയപുഷ്ടിയിലും ശൈലീവൈചിത്ര്യത്തിലും ഭാഷാശുദ്ധിയിലും നിർബന്ധമുണ്ടായിരുന്നതിനാൽ രസികരഞ്ജിനി സമാനപ്രസിദ്ധീകരണങ്ങൾക്ക് ഒരു മാതൃകയായിത്തീർന്നു. രസികരഞ്ജിനി ഭാഷാസാഹിത്യത്തിനു ചെയ്തിട്ടുള്ള സേവനങ്ങൾ അമൂല്യമാണ്. ഉണ്ണുനീലിസന്ദേശം ആദ്യം വെളിച്ചം കണ്ടത് ഈ മാസികയിലൂടെയാണ്. എന്നാൽ സാമ്പത്തികക്ലേശം മൂലം 1907-ഓടുകൂടി അതിന്റെ പ്രസിദ്ധീകരണം നിർത്തിവയ്ക്കേണ്ടതായി വന്നു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.